# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **559** | 05.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ. ബഷീർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ചരക്ക് സേവന നികുതി ശൃംഖലയും, ഇ-വേ ബിൽ സമ്പ്രദായവും പൂർണ്ണമായും സജ്ജമായിട്ടുണ്ടോ; നിലവിൽ എത്ര ശതമാനം വ്യാപാരികൾ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി റിട്ടേണുകൾ ഫയൽ ചെയ്യപ്പെടുന്നതിനുള്ള നെറ്റ് വർക്ക് പൂർണ്ണസജ്ജമായിട്ടില്ല. 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികളിൽ 98%ൽ അധികം വ്യാപാരികൾ ജി.എസ്.ടി യിലേക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയ ഇനത്തിൽ കേരളത്തിന് നഷ്ടപരിഹാരമായി എത്ര തുക നാളിതുവരെയായി ലഭിച്ചു; ഓരോ മാസത്തെയും വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജി.എസ്.ടി യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇതനുസരിച്ച്, 2018 മാർച്ചിൽ അവസാനിച്ച സാമ്പത്തികവർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. |

| **മാസം** | **കോമ്പൻസേഷൻ** |
|---|---|
| ജൂലൈ- ആഗസ്റ്റ് | 810.00 കോടി |
| സെപ്റ്റംബർ- ഒക്ടോബർ | 395.00 കോടി |
| നവംബർ- ഡിസംബർ | 713.00 കോടി |
| ജനുവരി- ഫെബ്രുവരി | 567.00 കോടി |
| മാർച്ച് | 330.00 കോടി |

എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി

| | | | |
|---|---|---|---|
| | | | കേന്ദ്രഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നവർ ജി.എസ്.ടി. പിരിക്കുവാൻ പാടില്ലായെന്ന വ്യവസ്ഥയും കോമ്പൗണ്ടിംഗ് വ്യാപാരിയാണെന്ന് നെയിം ബോർഡ് പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥയും പല വ്യാപാരികളും പാലിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റ് വരവ് ഉള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ബോധവത്കരണം നടത്തുന്നതിനുവേണ്ടി വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ പൊതുജനങ്ങൾക്ക് വ്യാപാരികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതിലൂടെ വ്യാപാരി നികുതി പിരിക്കുന്നതിന് അർഹനാണോ എന്ന വിവരം പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. |
| (ഡി) | ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ഡി) | ജി.എസ്.ടി നിയമപ്രകാരം അതിർത്തികളിൽ പ്രവർത്തിച്ചിരുന്ന വാണിജ്യനികുതി വകുപ്പ് ചെക്ക്പോസ്റ്റുകൾ സംസ്ഥാന സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി ചെക്ക്പോസ്റ്റുകളിൽ ജോലിചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തി ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**